"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്-സാമൂഹ്യനീതി വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ വിരമിച്ച ശ്രീ ഷാഹുൽ ഹമീദ് മേടാപ്പിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 376/2023 നമ്പർ കേസിന്റെ 27.06.2023 ലെ വിധിന്യായത്തിന്മേൽ നടപടി സ്വീകരിച്ച് തീർപ്പാക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.12/2024/SJD തീയതി,തിരുവനന്തപുരം, 09-01-2024

---

പരാമർശം:-

1. 20.03.1990 ലെ 15/1990/ധന നമ്പർ സർക്കുലർ
2. 24.02.2009 ലെ 14/2009/ധന നമ്പർ സർക്കുലർ1
3. 6.6.2018-ലെ സ.ഉ.(അ) നം. 93/2018/ധന ഉത്തരവ്1
4. 9.06.2020 ലെ 56/2010/ധന നമ്പർ സർക്കുലർ
5. 26.02.2021 ലെ സഉ(അ) നം 39/2021/ധന ഉത്തരവ്
6. 09.06.2022 ലെ 44/2022/ധന നമ്പർ സർക്കുലർ
7. ശ്രീ ഷാഹുൽ ഹമീദ് മേടാപ്പിൽ സർക്കാരിൽ 24.02.2023 ന് സമർപ്പിച്ച നിവേദനം
8. ശ്രീ ഷാഹുൽ ഹമീദ് മേടാപ്പിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ എ 376/2023 കേസിന്റെ 27.06.2023 ലെ വിധിന്യായം

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ഷാഹുൽ ഹമീദ് മേടപ്പിൽ ടിയാളുടെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീറിംഗ് കമ്പനിയിൽ സെമി സ്കിൽഡ് വർക്കർ (പ്ലംബർ) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന 8 വർഷത്തെ സേവനം പെൻഷനു പരിഗണിക്കണമെന്നും ശൂന്യവേതനാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്നതിൽ കാലതാമസം വന്നുമൂലം നഷ്ടപ്പെട്ട ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ പ്രൊമോഷനും അപ്രകാരം പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (7) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയും കൂടാതെ പ്രസ്തുത അപേക്ഷ അനുബന്ധം 14 ആയി ചേർത്ത് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ. എ. 376/2023 കേസ് ഫയൽ ചെയ്യുകയും ഉണ്ടായി.

2. ഈ വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു

"ശ്രീ ഷാഹുൽ ഹമീദ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കേരള ആംഡ് പോലീസ് ബറ്റാലിയനിൽ 04.03.1993 തീയതിയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും മൂന്നു മാസത്തെ പരിശീലന കാലയളവിനു ശേഷം അവിടെ നിന്ന് വിടുതൽ ചെയ്ത് പൊതുമേഖല സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീറിംഗ് കമ്പനിയിൽ സെമി സ്കിൽഡ് വർക്കർ (പ്ലംബർ) തസ്തികയിൽ 31.07.1993 തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടി തസ്തികയിലെ എട്ട് വർഷത്തെ സേവനത്തിനുശേഷം പ്രസ്തുത ജോലിയിൽ നിന്നും 09.08.2001 തീയതിയിൽ വിടുതൽ ചെയ്ത്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 10.08.2001 മുതൽ സാമൂഹ്യനീതി വകുപ്പിൽ എൽ.ഡി ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതനായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതായി പരാമർശം 7 പ്രകാരമുള്ള നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും ടിയാൾ അവകാശപ്പെട്ട മുൻകാല സർവ്വീസ് സംബന്ധമായ യാതൊരു വിവരവും ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. തിരൂരങ്ങാടി ഐസിഡിഎസ് ഓഫീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 27.09.2012 മുതൽ 5 വർഷത്തേയ്ക്കും തുടർന്ന് അവധി കാലയളവിനു ശേഷം 5 വർഷത്തേയ്ക്ക് കൂടി അപ്പൻഡിക്സ് XII A, കേരള സർവ്വീസ് റൂൾസ് പാർട്ട് 1 പ്രകാരം അവധി അനുവദിച്ചിരുന്നു. എന്നാൽ 31.3.2023 വിരമിക്കൽ തീയതി ആയിരുന്നതിനാൽ അവധി റദ്ദ് ചെയ്തിരികെ ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയും ടി ജീവനക്കാരനെ തിരികെ ജോലിയിൽ പ്രവേശിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിലവിൽ വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള തിരൂരങ്ങാടി ശിശു വികസന പദ്ധതി ഓഫീസർ ക്ക് ഡയറക്ടർ 21.01.2022 ന് കത്ത് നൽകുകയും ചെയ്തു.

സാമൂഹ്യനീതി വകുപ്പ് വിഭജനത്തിന്റെ ഭാഗമായി ജീവനക്കാരുടെ പുനർവിന്യാസത്തിനു ഓപ്ഷൻ ക്ഷണിച്ചതിൽ ശ്രീ. ഷാഹുൽ ഹമീദ് മേടപ്പിൽ ഓപ്ഷൻ നൽകാത്തത് മൂലം ടിയാൾ ഇരു വകുപ്പിലെയും കേഡർ സ്ട്രെങ്തിൽ ഉൾപ്പെട്ടിരുന്നില്ല. ജീവനക്കാരൻ ശൂന്യവേതനാവധി റദ്ദ് ചെയ്തു തിരികെ ജോലിയിൽ പ്രവേശിക്കാൻ അപേക്ഷ നൽകുന്ന വേളയിൽ ഇരു വകുപ്പിലും ഉൾപ്പെട്ടിട്ടില്ലാത്ത ജീവനക്കാരനെ ഏതു വകുപ്പിൽ ഉൾപ്പെടുത്തണമെന്ന് പരിശോധിക്കുകയും, ജീവനക്കാരന്റെ ശുഷ്കമായ സർവീസ് കാലയളവ് കൂടി പരിഗണിച്ചു സാമൂഹ്യനീതി വകുപ്പിൽ അടുത്ത് വരുന്ന സീനിയർ ക്ലർക്ക് തസ്തികയിലെ ഒഴിവിൽ ടിയാളെ പുനഃപ്രവേശിപ്പിക്കാമെന്ന തീരുമാനം കൈക്കൊണ്ട് ടിയാളെ 19.09.2022 തീയതിയിൽ സാമൂഹ്യനീതി വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുകയും 31.03.2023-ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാളുടെ സാമൂഹ്യനീതി വകുപ്പിലെ 12 വർഷത്തെ സേവനം കണക്കിലെടുത്ത് പെൻഷനും എല്ലാവിധ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നല്കുകയും ചെയ്തിരുന്നു. ജീവനക്കാരനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് യാതൊരുവിധ കാലതാമസവും വരുത്തിയിട്ടില്ലാത്തതുമാണ്"

3. ശ്രീ ഷാഹുൽ ഹമീദ് ഫയൽ ചെയ്തഒ. എ. 376/2023 കേസിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27.6.2023 തീയതിയായി പരാമർശം 8 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ ടിയാൻ അനുബന്ധം 14 ആയി ഒന്നാം എതിർകക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് മുമ്പാകെ ഫയൽ ചെയ്ത അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവു പുറപ്പെടുവിക്കുവാൻ

നിർദ്ദേശിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ എസ് ആർ ഭാഗം 3 ചട്ടം 20 ന് കീഴിലെ നോട്ട് പ്രകാരം കമ്പനീസ് ആക്ട് പ്രകാരമോ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രത്യേകമായ നിയമ നിർമ്മാണത്തിലോ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനങ്ങളിലെ മുൻകാലസേവനം സർക്കാർ സർവ്വീസിനൊപ്പം പെൻഷന് പരിഗണിക്കുന്നതല്ല. പരാമർശം 3 പ്രകാരം പ്രസ്തുത കുറിപ്പ് ചട്ടത്തോടൊപ്പം ഉൾപ്പെടുത്തി കെ എസ് ആർ ഭാഗം III ചട്ടം 20 ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ടിയാൻ ഉന്നയിച്ച ആവശ്യവുമായി ബന്ധപ്പെട്ട 08.09.2020 ലെ WA. 1291/2018 and connected cases ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ മുമ്പ് അനുവദിച്ചതടക്കമുള്ള എല്ലാവരുടെയും സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻകാല സേവനം പുനപരിശോധിച്ച് റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കണമെന്നുള്ള സർക്കാർ ഉത്തരവ് പരാർശം 5 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.. പ്രസ്തുത സാഹചര്യത്തിൽ 31.03.2023 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ ഷാഹുൽ ഹമീദിന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത കാസർഗോഡ് കേരള ഇലക്ട്രിക്കൽ &അലൈഡ് എഞ്ജിനീയറിംഗ് കമ്പനി (കെ ഇ എൽ) ൽ സെമി സ്കിൽഡ് വർക്കർ(പ്ലംബർ) തസ്തികയിൽ സേവനമനുഷ്ഠിച്ച 8 വർഷത്തെ സേവനം കേരള സർവ്വീസ് റൂൾസ് പാർട്ട്3 റൂൾ 20 പ്രകാരം പെൻഷന് യോഗ്യമായ സർവ്വീസായി കണക്കാക്കാൻ കഴിയുകയില്ല.

5. പരാമർശം (2), (4) സർക്കുലറുകൾ പ്രകാരം ശൂന്യവേതനാവധിയിൽ നിന്നും തിരികെ പ്രവേശിക്കുന്ന ജീവനക്കാർ 2 മാസം മുമ്പ് തന്നെ തിരികെ ജോലിയിൽ പ്രവേശിക്കാൻ ഉദ്ദേശിക്കുന്ന വിവരം വകുപ്പിൽ അറിയിക്കേണ്ടതാണ്. കൂടാതെ പരാമർശം (6) സർക്കുലർ പ്രകാരം ഇപ്രകാരം വിവരം ലഭ്യമാക്കാത്ത ജീവനക്കാരുടെ നിയമന കാത്തിരിപ്പ് കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചാൽ മതിയാകുന്നതാണ്. ശ്രീ ഷാഹുൽ ഹമീദ് ശൂന്യവേതനാവധി റദ്ദ് ചെയ്ത് ജോലിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന വിവരം രണ്ട് മാസം മുൻപ് അധികാരികളെ അറിയിച്ചിട്ടില്ലാത്തതിനാൽ നിയമന കാത്തിരിപ്പകാലം ഡ്യൂട്ടിയായി ക്രമീകരിക്കുന്ന കാര്യം പരിഗണിക്കാനാകില്ല. ശൂന്യവേതനാവധി പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ അവധിയിൽ വിനിയോഗിക്കാതിരുന്ന ഭാഗം റദ്ദ് ചെയ്ത് ജോലിയിൽ പുനപ്രവേശിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥർ നിയമനത്തിനായി കാത്തിരുന്ന കാലയളവ്, വകുപ്പിൽ റിപ്പോർട്ട് ചെയ്ത തീയതി മുതൽ തസ്തികയിൽ ചാർജ്ജെടുത്ത തീയതിവരെയുള്ള കാലയളവ് പരാമർശം (1) സർക്കുലർ പ്രകാരം ശൂന്യവേതനാവധിയുടെ തുടർച്ചയായി കണക്കാക്കാവുന്നതാണ്.

6. മേൽ സാഹചര്യത്തിൽ, ശ്രീ ഷാഹുൽ ഹമീദിന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കമ്പനി (കെ. ഇ.എൽ.) യിൽ സെമി സ്കിൽഡ് വർക്കർ (പ്ലംബർ) തസ്തികയിൽ സേവനമനുഷ്ഠിച്ച 8 വർഷത്തെ സേവനം കേരള സർവ്വീസ് റൂൾസ് പാർട്ട് 3 റൂൾ 20 പ്രകാരം പെൻഷന് യോഗ്യമായ സർവ്വീസായി പരിഗണിക്കുന്നതല്ലെന്നും ശ്രീ ഷാഹുൽ ഹമീദ് ശൂന്യവേതനാവധി റദ്ദ് ചെയ്ത് ജോലിയിൽ തിരികെ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന വിവരം 2 മാസം മുമ്പ് അധികാരികളെ അറിയിച്ചിട്ടില്ലാത്തതിനാൽ നിയമന കാത്തിരിപ്പ കാലം ഡ്യൂട്ടിയായി ക്രമീകരിക്കുന്ന കാര്യം പരിഗണിക്കാനാവില്ല എന്നും ഉത്തരവാകുന്നു. ടിയാൾ നിയമനത്തിനായി കാത്തിരുന്ന 19.01.2022 മുതൽ 18.09.2022 വരെയുള്ള കാലയളവ് കേരള സർവ്വീസ് റൂൾസ് പാർട്ട് 1 അപ്പെൻഡിക്സ് XII A പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഡയറക്ടർ ഉത്തരവ്

പുറപ്പെടുവിക്കേണ്ടതാണ്.

7. മേൽ പ്രകാരം ശ്രീ ഷാഹുൽ ഹമീദ് മേടാപ്പിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ എ 376/2023 കേസിന്റെ 27.06.23 ലെ വിധിന്യായം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിൻറെ ഓഫീസ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ ഷാഹുൽ ഹമീദ് മേടാപ്പിൽ, പൊറ്റയിൽ ഹൗസ്, ചേനക്കലങ്ങാടി പിഒ, തേഞ്ഞിപ്പാലം, മലപ്പുറം 673636
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫയൽ വിംഗ്) വകുപ്പ്(WW-WW2/214/2023-FIN dated 19.12.23,3.1.2024 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Remya Kumari L
Date: 09-01-2024 14:42:40
സെക്ഷൻ ഓഫീസർ